# ചികിത്സാമഞ്ജരി - പരിചയപ്പെടുത്തൽ

**ഡോ. കിരാതമൂർത്തി പി. പി.**

**പദനിഷ്പത്തി:**

മഞ്ജരിയെന്നാൽ പൂങ്കുലയെന്നാണർത്ഥം. ചികിത്സയെന്നാൽ രോഗാപഹരണവും. രോഗാപഹരണസമർത്ഥങ്ങളായ ചികിത്സാപ്രയോഗങ്ങളാകുന്ന പുഷ്പങ്ങളുടെ മനോഹരമായ സഞ്ചയമാണ് ചികിത്സാ മഞ്ജരി.

ഗ്രന്ഥകാരൻ തന്നെ പറയുന്നു,

*ചികിത്സാമഞ്ജരീസേയം ചികിത്സാംഗപ്രകാശിനീ*
*അനുത്സാര്യ പ്രയോഗാർഹൈഃ സമുദ്ധാര്യ മയോച്യതേ*

ചികിത്സയുടെ അഷ്ടാംഗങ്ങളും പ്രകാശിപ്പിക്കുന്ന ഈ ഗ്രന്ഥം, പ്രയോഗിച്ച് ഫലം ദർശിച്ച ഔഷധങ്ങളെ നിബന്ധിച്ചതാണ്.

**ഗ്രന്ഥകർത്താവ്:**

ഈ ഗ്രന്ഥത്തിന്റെ കർത്താവ് ആരാണെന്നോ അദ്ദേഹം എപ്പോൾ ജീവിച്ചിരുന്നുവെന്നോ വ്യക്തമായി അറിയാൻ സാധിച്ചിട്ടില്ല. അഷ്ടവൈദ്യന്മാരിൽ ആരെങ്കിലുമോ അല്ലെങ്കിൽ അവരുടെ ശിഷ്യപരമ്പരകളിൽപെട്ടവരോ ആയിരിക്കണം ചികിത്സാ മഞ്ജരിയുടെ കർത്താവ്. അഷ്ടവൈദ്യന്മാരുടെ ചികിത്സകൾ മഞ്ജരിയെ അധികരിച്ചാണ് കൂടുതലും. മാത്രമല്ല മഞ്ജരിയെ പ്രയോഗതലത്തിൽ പ്രമാണഗ്രന്ഥമായി അംഗീകരിക്കുകയും ചെയ്യുന്നു.

പരമ്പരകളായി വളരെ വർഷങ്ങൾക്കൊണ്ട് പ്രയോഗിച്ചു ഫലം സിദ്ധിച്ച ഔഷധങ്ങളെ ക്രോഡീകരിച്ചായിരിക്കണം ചികിത്സാ മഞ്ജരി രചിച്ചത്. ചികിത്സാമഞ്ജരിപോലെ തന്നെ പ്രധാന ചികിത്സാഗ്രന്ഥമായ യോഗാമൃതം രചിച്ചത് ആലത്തിയൂർ നമ്പിയുടെ കുടുംബത്തിൽപെട്ട ഭിഷഗ്വരനാണെന്ന് ഭാഷാചരിത്രകാരനായ ആർ.നാരായണപണിക്കർ അഭിപ്രായപ്പെടുന്നു. യോഗാമൃതവും ചികിത്സാ മഞ്ജരിയും പരസ്പരം ബന്ധപ്പെട്ടതായതുകൊണ്ട് അഷ്ടവൈദ്യന്മാരുടെ പരമ്പരയിൽപ്പെട്ട ഒരാളാണ് ചികിത്സാമഞ്ജരിയുടെയും കർത്താവെന്ന് നിരൂപിക്കാൻ ന്യായമുണ്ട്.

**രചനാകാലം:**

മണിപ്രവാളഭാഷയുടെ കാലത്ത് രചിച്ച ഗ്രന്ഥമായിരിക്കാം ചികിത്സാമഞ്ജരിയെന്ന് അതിലെ ഭാഷാ പ്രയോഗം കൊണ്ട് നിരൂപിക്കാം. തമിഴ് ഭാഷയുടെ സ്വാധീനവും അങ്ങിങ്ങ് ചികിത്സാ മഞ്ജരിയിൽ കാണുന്നുണ്ട്. ചമച്ചു ഞായം, മേണ്ടുകിൽ, നല്ലൂ ഇത്യാദി പ്രയോഗങ്ങൾ പ്രാചീനതയെ വെളിപ്പെടുത്തുന്നു. എ.ഡി. 1600 നും എ.ഡി. 1700 നുമിടക്ക് (കൊല്ലവർഷം 9-ാം നൂറ്റാണ്ട്) രചിച്ച ഗ്രന്ഥമാണിതെന്ന് ചിലചരിത്രകാരന്മാർ അവകാശപ്പെടുന്നു. ചികിത്സാ മഞ്ജരിയുടെ പ്രസിദ്ധീകരണത്തിനാവശ്യമായി സ്വീകരിച്ചിട്ടുള്ള രണ്ടു മാതൃകകളും അഷ്ടവൈദ്യ ശിഷ്യപരമ്പരകളിൽ ഉൾപ്പെട്ട രണ്ടു പ്രസിദ്ധ വൈദ്യന്മാരിൽ നിന്നാണ് കിട്ടിയത്. ആറന്മുളയിലുള്ള രണ്ടു വൈദ്യഗൃഹങ്ങളിൽ നിന്നാണ് ആദ്യത്തെ ചികിത്സാ മഞ്ജരിയുടെ പ്രസിദ്ധീകരണത്തിനുള്ള ഗ്രന്ഥങ്ങൾ ലഭിച്ചത്.

ചികിത്സാമഞ്ജരിയെ രണ്ടു ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ഒന്നാം ഭാഗത്തിൽ (1) ജ്വരചികിത്സ, രക്തപിത്ത ചികിത്സ, അസൃഗ്ദരചികിത്സ. (2) അസ്ഥിസ്രാവ ചികിത്സ (3) കാസചികിത്സ (4) ശ്വാസ ചികിത്സ (5) ഹിധ്മാ (6) രാജയക്ഷ്മാ (7) സ്വരസാദം (8) പ്രസേകം (9) ഛർദ്ദി (10) അരോചകം (11) ഭക്തരോധം (12) ഹൃദ്രോഗം, തൃഷ്ണ, മദാത്യയം, അർശസ്സ്, ഉദാവർത്തം, അതിസാരം, ഗ്രഹണി, അജീർണ്ണം, വിഷൂചിക, അത്യഗ്നി, മൂത്രകൃച്ഛ്രം, പ്രമേഹം, സോമരോഗം, മൂത്രാതിസാരം, വിദ്രധി, വൃദ്ധി, ഗുൽമം, ശൂല, ജലകൂർമ്മം, മഹോദരം, പാണ്ഡുരോഗം, കാമല, ശോഫം, വിസർപ്പം, മസൂരി, വിസ്ഫോടം, ശീതപിത്തം, കുഷ്ഠശ്വിതങ്ങൾ, കൃമി, വാതവ്യാധി, വാതശോണിതം എന്നിവക്കുള്ള ചികിത്സകളും കൂടാതെ വിരേചനദ്രവ്യങ്ങളും വിവരിക്കുന്നു. രണ്ടാം ഭാഗത്തിൽ അതിസ്ഥൗല്യം, അതികാർശ്യം, മന്ദനിദ്രത, ഗർഭിണി, ബാല ഉന്മാദ, അപസ്മാര, നേത്രരോഗ, കർണ്ണരോഗ, നാസാരോഗ, മുഖരോഗ, ശിരോരോഗ, വ്രണരോഗ, ഭംഗ, അഗ്നിവ്രണ, ഭഗന്ദര, ഗ്രന്ഥ്യർബ്ബുദ ക്ഷുദ്രരോഗ ചികിത്സകളും ഔഷധ പാകവിധിയും സനിഷ്കർഷം വിവരിക്കുന്നു. ചികിത്സാ മഞ്ജരിയിൽ നിദാനത്തേക്കാളധികം പ്രാധാന്യം കൊടുത്തിരിക്കുന്നത് ചികിത്സക്കാണ്. അതിൽ തന്നെ ചികിത്സയുടെ സൈദ്ധാന്തികതയേക്കാൾ പ്രാധാന്യം പ്രായോഗികതലത്തിനുമാണ്. പക്ഷെ സൈദ്ധാന്തികതലം ചരക വാഗ്ഭട സുശ്രുത ഗ്രന്ഥങ്ങൾ പഠിച്ച് മനസ്സിലാക്കിയാൽ ചികിത്സാ മഞ്ജരിയുടെ പ്രായോഗികതലം യുക്തി

പൂർവമാണെന്നു മനസ്സിലാക്കാൻ സാധിക്കും. ഉദാഹരണമായി കാസചികിത്സയിൽ ചികിത്സാ മഞ്ജരി യിൽ ഇങ്ങനെ ഒരു പ്രയോഗമുണ്ട്.

*ദശഭിർ മരിചൈരേകാം പഥ്യാം രാത്രൗ സുഖോദകേന പിബേത്*

*അഭിജാനാതി ന കാസവ്യസനം നിദ്രാ സുഖപ്രദായി ച*

കുരുമുളകും കടുക്കയും ചേർന്നുള്ള പ്രയോഗം സ്നേഹസ്വേദങ്ങളെക്കൊണ്ട് ഉൽക്ലേശിപ്പിച്ച് വിരേചനത്താൽ ശുദ്ധി വരുത്തുന്നതുപോലെയാണ്. തീക്ഷ്ണമായ കുരുമുളക് കഫത്തെ ഇളക്കി കോഷ്ഠത്തിലേക്ക് കൊണ്ടുവരുമ്പോൾ കടുക്കകൊണ്ട് ശോധന വരുത്തുന്നു.

ശ്വാസ ചികിത്സയിൽ പറയുന്ന,

*ഏതേ ഹി കഫസംരുദ്ധഗതിഃ പ്രാണപ്രകോപജാഃ*
*തസ്മാത്തന്മാർഗ്ഗശുദ്ധർത്ഥ്യ. ഊർദ്ധ്വാധഃശോധനം ഹിതം*
*ഉദീര്യതേ ഭൃശതരം മാർഗ്ഗരോധാദ്വഹർത് ജലം*
*യഥാനില സ്തഥാ തസ്യമാർഗ്ഗമസ്മാത് വിശോധയേൽ*

എന്ന സിദ്ധാന്തത്തോട് ചേർത്തുവായിക്കേണ്ടതാണ് ചികിത്സാ മഞ്ജരിയിലെ ഈ പ്രയോഗം .ഇങ്ങനെ ചികിത്സാ മഞ്ജരിയിലെ എത്രയോ പ്രയോഗങ്ങൾ അഷ്ടാംഗ ഹൃദയത്തിലേയും മറ്റും സിദ്ധാന്തങ്ങളെ നമ്മുടെ മനസ്സിൽ ഓർമ്മപ്പെടുത്തുന്നു.

**ചികിത്സാമഞ്ജരിയുടെ പ്രത്യേകതയും പ്രാധാന്യവും**
**ചികിത്സയുടെ സൈദ്ധാന്തികത:**

അഷ്ടാംഗസംഗ്രഹത്തിൽ പറയുന്നു

*യസ്തു കേവല ശാസ്ത്രജ്ഞഃ കർമ്മസ്വപരി നിഷ്ഠിത സമുഹ്യത്യാതുരം പ്രാപ്യ പ്രാപ്യ ഭീരുരിവാ* ഹവംധാരാളം പറയുന്നു. ഉദാ: മുഖക്കുരുവിന് രക്തചന്ദനം പാലിൽ അരച്ച് വെണ്ണക്കൂട്ടി തേയ്ക്കുന്ന ത്.

**ഭാഷാപ്രയോഗം:**

പലതരത്തിലുള്ള വൃത്തങ്ങളും അലങ്കാരങ്ങളും ഉപമകളും കൊണ്ട് സർവ്വാംഗസുന്ദരിയാണ് ചികിത്സാമഞ്ജരി.

ഉപമക്കിതാ നേത്രരോഗചികിത്സയിലെ ഉദാഹരണം:

*നസ്യം ഹിതം നിർഗുണ്ഡീ സ്വരസോത്ഥ ബിന്ദു ഭിർദ്വിത്രൈ*
*നശ്യതി നേത്രരുജാ ദ്രാക് യൂനാം ലജ്ജേവ മദനശരൈ*

പദഭംഗിക്കിതാ ഉദാഹരണം:

*അത്യന്തപക്വ കദളീഫല മാർജനേന*
*ദാനാശ്രുരാഗഗമനം ഭവതീക്ഷണാനാം*
*സീമന്തിനീപയസി മേഘരവസ്യ മൂലം*
*സംഘൃഷ്യ തേന പരിഷേചനമുത്തമഞ്ച*

സാധാരണ പദങ്ങൾ ചേർത്തുണ്ടാക്കുന്ന ശ്ലോകങ്ങൾക്ക് ഉദാഹരണമിതാ പ്രമേഹപഥ്യത്തിൽ,

*പൂവൻ പഴം പൃഥുകമപ്പമടാചതേങ്ങ*
*ചക്കക്കുരുശ്ച ബൃഹതീഫല ഖല്വമാഷാ*
*വർജ്ജിയക്ക സർവമശനം ച വിദാഹികന്ദം*
*താൾ ചാമ ചേമ്പുമപി കാടിയൊടിത്തരങ്ങൾ*

**ഉപസംഹാരം:**

ചികിത്സാമഞ്ജരി ആയുർവേദത്തിലെ കേരളചികിത്സിതത്തിന്റെ പാരമ്പര്യത്തിന്റേയും ചിന്ത യുടെയും ജ്വലിക്കുന്ന പ്രതീകമാണ്. ആയുർവേദ ചികിത്സ എങ്ങിനെയായിരിക്കണമെന്നതിന് വഴി കാട്ടിയാണ് ഈ ഗ്രന്ഥം. അധീതി ബോധാചരണ പ്രചാരങ്ങളിലൂടെ ഈ ഗ്രന്ഥത്തിന് നാം പരമാദരം ചെയ്യണമെന്ന് പ്രാർത്ഥിച്ചു കൊണ്ട് ചികിത്സാ മഞ്ജരീകാരനെ മനസ്സിൽ ധ്യാനിച്ച് നിങ്ങൾക്കൊരോ

രുത്തർക്കും ധന്വന്തരിയുടെ അനുഗ്രഹമുണ്ടാകാൻ പ്രാർത്ഥിച്ചുകൊണ്ട് ഈ ചികിത്സാ മഞ്ജരി പരിചയപ്പെടുത്തൽ അവസാനിപ്പിക്കുന്നു.

*ചികിത്സാമഞ്ജരീകാരം ചികിത്സാതത്വ വിശാരദം*
*ചികിത്സാപ്രയോഗവിദുഷം വന്ദേഹം അഷ്ടവൈദ്യകം*

അസൃഗ്ദര ചികിത്സയിൽ

*ചെമ്പരത്തിമുകുളങ്ങൾ പാലുമായി*

*പെൺകുടിക്ക കറയേറെ വീഴുകിൽ* എന്നു പറയുന്നു. ചെമ്പരത്തിമൊട്ടിന്റെ ഈ പ്രയോഗം ചികിത്സാ മഞ്ജരിയിൽ മാത്രമേ കാണ്മാനുള്ളൂ. അതുപോലെ തെറ്റിപ്പൂവ് മോരിൽ അരച്ചു കുടിക്കുന്നത് അസ്ഥിസ്രാവത്തിന് പ്രശസ്തമായ ചികിത്സയാണെന്നു പറയുന്നു.

*മൂഴക്ക മോരിൽ മൂഴക്കെ തെറ്റിപ്പൂ പചിച്ചുടൻ*
*അസ്ഥിസ്രാവ വിനാശായ പിബേമുക്ത പ്രമാണതഃ*

സ്വരസാദത്തിൽ നെല്ലിയുടെ ഇലയും ചെമ്പരത്തിയുടെ ഇലയും വറുത്തു പൊടിച്ച് നെയ്യിൽ ചേർത്ത് നക്കാൻ വിധിക്കുന്നത് വേറെ എവിടെയും കണ്ടിട്ടില്ല.

വേട്ടാവെളിയിൻ കൂട് ചൂടാക്കി പൊടിച്ച് തേൻ ചേർത്ത് കഴിച്ചാൽ ഛർദ്ദിക്ക് ഉത്തമമാണെന്നു പറയുന്നു.

*ദഹിച്ച വരടാഗേഹം കലക്കി മധുബിന്ദുനാ*
*കുടിക്കിലൊഴിയും സദ്യോ വമിക്കുമതു ദേഹിനാം*

അരോചകത്തിൽ മാങ്ങാനാറി ഔഷധമായി പ്രയോഗിച്ചിട്ടുണ്ട്.

*മാങ്ങനാറി തവിഴാമ ഇഞ്ചിയും*
*മാതളാല്ലിയുമരോചകങ്ങളിൽ*
*ഉപ്പുനീരെടു പചിച്ചമുക്കുടി*
*ചുക്കു ജീരക ഗുളാന്വിതം പിബേൽ.*

ചില ഔഷധങ്ങളുടെ നാമങ്ങൾ ഏതെന്ന് വ്യക്തമായിതിരിച്ചറിയാൻ സാധിക്കാത്തതായുണ്ട്. ഉദാഃ-വിഷചികിത്സയിൽ പറയുന്ന മുത്താറി

എങ്ങനെയാണ് ഫലം ചെയുന്നതെന്ന് വിശദീകരിക്കാൻ സാധിക്കാത്ത പല പ്രയോഗങ്ങളും ചികിത്സാമഞ്ജരിയിലുണ്ട്. ഉദാഃ-തലയിൽ പാൽകൊണ്ടു ധാരചെയ്യാൻ അരോചക ചികിത്സയിൽ വിധിയുണ്ട്.

*ശിരസഃസേചനം പാൽകൊണ്ടെണ്ണയാ വാ സമാചരേൻ*
*നവരച്ചോർ പിഴിഞ്ഞ പാൽ കോഷ്ണം വക്ഷസിനിർത്തുക.*

ഉരോവസ്തി അരോചകത്തിന് എങ്ങനെയാണ് ഫലം ചെയു

ന്നതെന്ന് ആലോചിക്കേണ്ട വിഷയമാണ്. ഛർദ്ദിയിലും ഉരോവസ്തി വിധിക്കുന്നുണ്ട്.

നാട്ടിൽ ശ്രദ്ധിക്കാത്ത, സുലഭമായ ദ്രവ്യങ്ങളെക്കൊണ്ടുള്ള ചികിത്സക്ക് ഉദാഹരണമിതാ.

*തുമ്പ കാട്ടപ്പയും കുപ്പമഞ്ഞളും കാടിയിൽ പചേത്*
*തേനോപനാഹം കുർവ്വീത ദുർന്നാമവിനിവർത്തയേൽ.*

കുട്ടികളുടെ അതിസാരത്തിൽ കുന്നിക്കുരു കാടിയിലരച്ച് നാഭിയിൽ പുരട്ടാൻ വിധിക്കുന്നു. ഹരീതകി ചുട്ടെടുത്ത ഭസ്മം നാളികേരപ്പാലിൽ കഴിക്കാൻ അതിസാരത്തിലും പ്രവാഹികയിലും വിധിയുണ്ട്. വിശദീകരണമർഹിക്കുന്ന പ്രയോഗമാണിത്. മാങ്ങായണ്ടിപ്പരിപ്പ് പിഴിഞ്ഞെടുത്ത നീര് അതിസാരത്തിൽ വിധിക്കുന്നുണ്ട്.

## പ്രത്യേക ശ്രദ്ധയർഹിക്കുന്ന പ്രയോഗങ്ങൾ

പച്ച ഈർക്കിലി ഔഷധമായി വിഷൂചികയിൽ പ്രയോഗിക്കുന്നു.

*പാവൊട്ടു മാവിലഞെട്ടി വില്വം മലർ പച്ചഈർക്കിലിവ*

*തല്ലിപ്പാതിക്കുറുക്കി കുടിക്ക അരിവറുത്ത കഞ്ഞിയും*

പ്ലാവിലഞെട്ടിയും മാവിലഞെട്ടിയും വിഷൂചികയിൽ മാത്രമല്ല എക്കിളിലും അനുഭവത്തിൽ ഫലം ചെയ്യുന്നുണ്ട്.

അശ്മരിയിൽ പരുത്തി വേര് അരച്ചിട്ട് കാടിയിൽ കൊടുക്കാൻ വിധിക്കുന്നുണ്ട്. മൂത്രതടസ്സത്തിന് ഇളയ കരിമ്പനത്തണ്ടുകൊണ്ട് കഷായം വച്ച് ഏലത്തരി മേമ്പൊടിയായി പൊടിച്ചു സേവിച്ചാൽ ഫലം ചെയ്യുന്നുവെന്ന് ചികിത്സാമഞ്ജരി പറയുന്നു. ചെമ്പകത്തിന്റെ വേരുകൊണ്ട് കഷായമുണ്ടാക്കി കഴിച്ചാലും മൂത്രതടസ്സം നീങ്ങുമെന്നു പറയുന്നു.

പ്രമേഹചികിത്സിതത്തിൽ പുളിയരിത്തൊണ്ട് നല്ലപോലെ പൊടിച്ച് നവരത്തവിടു ചേർത്ത് പഞ്ചസാര കൂട്ടി തിന്നുന്നപക്ഷം രോഗം മാറുമെന്ന് പറയുന്നു. പഞ്ചസാര പ്രമേഹവർദ്ധകമാണ് പക്ഷേ പുളിന്തോട് പൊടിച്ചു ചേർക്കുമ്പോൾ ഇത് പ്രമേഹത്തിന് ഗുണം ചെയ്യുമെന്നത് സംയോഗത്തിന്റെ വിശേഷമാണ്. മാത്രാ യോഗ ക്രിയാ കാല ദേശാവസ്ഥകൾക്കനുസരിച്ച് പത്ഥ്യാപത്ഥ്യങ്ങൾ വ്യത്യാസപ്പെടുന്നുവെന്ന് ചരകത്തിലും സംഗ്രഹത്തിലും പറയുന്നുണ്ടല്ലോ.

*നല്ലോരു തിന്തിണിയുടെ ഫലവൽക്കച്ചൂർണ്ണം*
*നന്നായി പൊടിച്ച നവരത്തവിടും തഥൈവ*
*ഒന്നായ് കലർന്നു സിതയാ സഹതിങ്കിലെന്നു-*
*മുണ്ടാവതില്ലറിയ മേഹഗദാർത്തി പിന്നെ*

കായ ചികിത്സയിലെന്നപോലെ ബാലഗ്രഹ ഊർദ്ധ്വാംഗാദി സപ്താംഗങ്ങളെ സംബന്ധിച്ചുള്ള ചികിത്സാ സരണികളിലും ചികിത്സാമഞ്ജരി ഫലവത്താണെന്ന് ശ്രദ്ധിച്ചാൽ മനസ്സിലാകും.

ബാലചികിത്സാ വിഷയത്തിൽ മഞ്ജരികാരന്റെ സാമർത്ഥ്യം അന്യാദൃശമാണ്. ശിശുക്കൾക്ക് തലയിൽ വെണ്ണ വെക്കുന്നത് കരപ്പൻ മുതലായ ഉപദ്രവങ്ങൾ ഇല്ലാതാക്കുമെന്നു പറയുന്നു. ചെറിയ ചികിത്സകളായിരിക്കും വലിയ ഫലങ്ങൾ ചെയ്യുന്നത് പലപ്പോഴും. കുട്ടികൾക്കാവുമ്പോൾ അല്പമാത്രയിലുള്ള ഔഷധപ്രയോഗം മാത്രം മതി രോഗം മാറാൻ. കുട്ടികൾക്കുണ്ടാകുന്ന അതിസാരത്തിനും ഓക്കാനത്തിനും കൂവളത്തിന്റെ വേര് അരച്ച് അമ്മയുടെ മുലയിൽ പുരട്ടി കുഞ്ഞിനു മുലപ്പാൽ കൊടുത്താൽ മാറുമെന്നുള്ളത് ദൃഷ്ടഫലദമാണ്. ഇതുപോലെ ജീരകമരച്ച് പുരട്ടാവുന്നതുമാണ്. ശിശുക്കളിലെ രാപ്പനിക്ക് അരയാൽ കുരുന്നു കഷായം ഫലവത്താണ്. തുള്ളൽ പനിക്ക് തുമ്പപ്പൂവിട്ട് കഷായം വച്ച് അതിൽ പാലൊഴിച്ച് കുറുക്കിയ കഞ്ഞികൊടുക്കാറുണ്ട്. ഇതെല്ലാം ചികിത്സാ മഞ്ജരിയിലെ പ്രയോഗങ്ങളാണ്.

വയറ്റിൽ പുണ്ണിന് തെങ്ങിൻപ്പൂക്കുല ഇടിച്ചുപിഴിഞ്ഞ നീരുകൊണ്ടുള്ള നെയ്യ് കാച്ചി കഴിക്കാവുന്നതാണ്. അതുപോലെ തെങ്ങിൻപൂക്കുല, നെല്ലിക്ക ഇവ അരച്ചുകലക്കിയ മോരുകൊണ്ട് ധാര ചെയ്യാനും വിധിയുണ്ട്. അയിനിക്ക നല്ലപോലെ വെയിലത്തിട്ടുണക്കിയതിനു ശേഷം വെള്ളത്തിൽ അരച്ചുരുട്ടിയ ഗുളിക തിമിരത്തിന് പ്രയോഗിക്കുന്നത് ചികിത്സാമഞ്ജരിയുടെ പ്രത്യേകതയാണ്. പ്ലാശിന്റെ തളിര് ഇടിച്ചുപിഴിഞ്ഞ് ഇന്തുപ്പും ചേർത്ത് ചെവിയിൽ നിറക്കുന്നത് കണ്ണിലെ അസുഖത്തിന് നല്ലതാണെന്നു പറയുന്നു.

ക്ഷുദ്രരോഗചികിത്സയിൽ ഫലവത്തായ ഒറ്റമൂലി പ്രയോഗങ്ങൾ
ത്തിലുള്ള സെമിനാറുകൾ വഴി നിർണ്ണയം നടത്തേണ്ടതാണ്. മറ്റുചില ദ്രവ്യങ്ങളെ ഇവിടെ ചേർക്കാം.

| | | | | | | |
|---|---|---|---|---|---|---|
| 1. | നീറിൻമുട്ട | - | ജ്വര ചികിത്സ | ശ്ലോകം | - | 78 |
| 2. | മക്കുണം (മൂട്ട) | - | ,, | ,, | - | 164 |
| 3. | നിലവേര് (മണ്ണിര) | - | ,, | ,, | - | 81 |
| 4. | കാണിപൊന്ന് | - | പ്രമേഹചികിത്സ | ,, | - | 26 |

എന്നീ ചെറുജീവികളെയും ഔഷധയോഗ്യമാക്കുന്നുണ്ട്. ഇതിൽ നീറിൻമുട്ടയും, മക്കുണം (മൂട്ടയും) ആ കാലഘട്ടത്തിന്റെ പ്രത്യേകതകളാണ്. നിലവേര് (മണ്ണിര -ഭൂനാഗം) മുമ്പ് പറയപ്പെട്ടിട്ടുള്ളതാണെങ്കിലും ചിലസ്ഥലങ്ങളിൽ ഇതിൽ ചില സസ്യമാണ് എടുക്കുന്നത് എന്നറിയുന്നു.

| | | | | | | |
|---|---|---|---|---|---|---|
| 1. | കാത്ത് | - | അതിസാര ചികിത്സ | ശ്ലോകം | - | 41 |
| 2. | കൃമിശത്രു | - | കൃമി ചികിത്സ | ,, | - | 26 |

ഇതിൽ കാത്ത് എന്നത് ഖദിര നിര്യാസമായി പറയപ്പെട്ടിട്ടുണ്ട്. കൃമിശത്രു എന്നത് സസ്യജന്യമായതും/ധാതുജന്യമായതും രണ്ടു തരത്തിൽ നിലവിലുള്ളതായി കാണുന്നു.

തെങ്ങിന്റെ ഇളയ പൂക്കുല, കവുങ്ങിൻ പൂവ്, കരിമ്പനകൂമ്പ്, ചെമ്പരത്തിപുഷ്പം, വെളുത്ത ചെമ്പരത്തിപൂവ്, ചുവന്നപൂവുള്ള അടമ്പുവള്ളി, വെളുത്ത ചെത്തി എന്നിവ ഈ കാലഘട്ടത്തിൽ നിലവിലി

രുന്ന പ്രചാരത്തിലുള്ള ചില ദ്രവ്യങ്ങളാണ് എന്ന് ചികിത്സാമഞ്ജരിയിലെ പ്രയോഗങ്ങൾ എടുത്തുകാണിക്കുന്നു.

ഇപ്പറഞ്ഞ ദ്രവ്യങ്ങൾ എല്ലാം തന്നെ 14-ാം നൂറ്റാണ്ടിനുശേഷം ചേർക്കപ്പെട്ടവയാണെന്നും അവ കേരളത്തിന്റെ മുതൽകൂട്ടാണെന്നും ചികിത്സാമഞ്ജരി തെളിയിക്കുന്നു.

ഇവയെല്ലാം തന്നെ കേരളത്തിന്റെ പാരമ്പര്യ ചികിത്സാവൈദഗ്ദ്ധ്യത്തിന്റെ മുതൽകൂട്ടാണ്. ഇപ്പറഞ്ഞ എല്ലാ ദ്രവ്യങ്ങളും നമുക്കുചുറ്റും എപ്പോഴും ലഭ്യമാണെന്നതുകൊണ്ട്, ഏറ്റവും ചിലവുകുറഞ്ഞ ചികിത്സാപദ്ധതിയാക്കുവാനും പ്രകൃതിദത്തമായ വസ്തുക്കളെ നമ്മുടെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുവാൻ സൂക്ഷ്മനിരീക്ഷണം നടത്തി കേരളത്തിലെ വൈദ്യശ്രേഷ്ഠന്മാർ ആയുർവേദ ഫാർമകോപ്പിയയിൽ കൂട്ടിചേർത്ത ദ്രവ്യസമാഹാരമായ ഈ ചികിത്സാഗ്രന്ഥം ശാസ്ത്രീയ ആയുർവേദ ചികിത്സകരുടെ ഒരു യഥാർത്ഥ സഹായിയാണെന്നുള്ള വിശേഷണമർഹിക്കുന്നു.